ഓപ്പറേറ്റർ തസ്തിക നിയമനം

124 [5393] ശ്രീ. ലൂഡി ലൂയിസ്:
„ എം. മുരളി:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിക്ക് എത്ര ഡിവിഷനുകളുണ്ട്;

(ബി) ഈ ഓരോ ഡിവിഷനിലും ഓപ്പറേറ്റർ തസ്തികയിൽ എത്ര സ്ഥിരം ഒഴിവുകളുണ്ട്; ഈ ഒഴിവുകളിൽ ഇപ്പോൾ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതുവിധത്തിൽ; പി. എസ്. സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലിരിക്കേ ഈ ഒഴിവുകൾ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതെന്തുകൊണ്ടെന്ന് പറയുമോ?

ഉത്തരം

(എ) കേരളാ വാട്ടർ അതോറിറ്റിക്ക് 45 ഡിവിഷനുകളുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിൽ 524 സ്ഥിരം ഒഴിവുകൾ ഇതുവരെയായി കണക്കാക്കിയിട്ടുണ്ട്. ഡിവിഷൻ തലത്തിലുള്ള ഒഴിവുകൾ കണക്കാക്കി വരുന്നു. ഈ ഒഴിവുകളിൽ 100 എണ്ണം പി. എസ്. സി.-ക്ക് അറിയിച്ചിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. മൊത്തം ഒഴിവുകൾ തിട്ടപ്പെടുത്തിയതിനുശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി

125 [5433] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ പി. നാരായണൻ:
„ എം. കുമാരൻ:
„ എൻ. രാജൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതു ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2001-2002, 2002-2003 വർഷം ഭവനനിർമ്മാണത്തിനായി എസ്. സി./എസ്. ടി. വകുപ്പ് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly